## മധുരമായ കുട്ടികളേ-ബാബ പൂന്തോട്ട ഉടമസ്ഥനാണ്, ഈ പൂന്തോട്ടക്കാരന്റെയടുത്ത് ഉദ്യാനപാലകരായ നിങ്ങൾ വളരെ നല്ല-നല്ല സുഗന്ധമുള്ള പുഷ്പങ്ങൾ കൊണ്ടു വരണം, വാടിയ പുഷ്പങ്ങൾ കൊണ്ടു വരരുത്.

**ചോദ്യം:-** ബാബയുടെ ദൃഷ്ടി ഏതു കുട്ടികളിലാണ് പതിക്കുന്നത്, ആരിലാണ് പതിക്കാത്തത്?
**ഉത്തരം:-** ആരാണോ നല്ല സുഗന്ധമുള്ള പുഷ്പങ്ങൾ, അനേകം മുള്ളുകളെ പുഷ്പമാക്കുന്ന സേവനം ചെയ്യുന്നവർ, അവരെ കണ്ട്-കണ്ട് ബാബ സന്തോഷിക്കുന്നു. അവരിലേക്കാണ് ബാബയുടെ ദൃഷ്ടി പോകുന്നത്, ആരുടെ ഭാവനയാണോ മോശമായുള്ളത്, കണ്ണുകൾ ചതിക്കുന്നത്, അവരിൽ ബാബയുടെ ദൃഷ്ടി പതിയുകയില്ല. ബാബ പറയും കുട്ടികളേ പുഷ്പമായി മാറി അനേകരെ പുഷ്പമാക്കൂ അപ്പോൾ സമർത്ഥനായ ഉദ്യാനപാലകരെന്ന് പറയും.

**ഓം ശാന്തി.** ഉദ്യാന നാഥനായ ബാബ വന്ന് തന്റെ പുഷ്പങ്ങളെ നോക്കുകയാണ് എന്തുകൊണ്ടെന്നാൽ മറ്റെല്ലാ സെന്ററുകളിലും പുഷ്പങ്ങളും ഉദ്യാനപാലകരുമാണുള്ളത്, ഇവിടെ നിങ്ങൾ ഉദ്യാന നാഥന്റെ അടുത്ത് സുഗന്ധം നൽകുന്നതിനായി വന്നിരിക്കുന്നു. നിങ്ങൾ പുഷ്പങ്ങളല്ലേ. നിങ്ങൾക്കുമറിയാം, ബാബയ്ക്കുമറിയാം മുൾക്കാടിന്റെ ബീജരൂപനാണ് രാവണൻ. യഥാർത്ഥത്തിൽ മുഴുവൻ വൃക്ഷത്തിന്റെയും ബീജം ഒന്നു തന്നെയാണ് എന്നാൽ പൂക്കളുടെ തോട്ടത്തിൽ നിന്ന് മുള്ളുകളുടെ കാടാക്കുന്ന ഒരാളും തീർച്ചയായും ഉണ്ടായിരിക്കുമല്ലോ. അതാണ് രാവണൻ. അപ്പോൾ തീരുമാനിക്കൂ ബാബ ശരിയായല്ലേ മനസ്സിലാക്കി തരുന്നത്. ദേവതകളാകുന്ന പുഷ്പങ്ങളുടെ പൂന്തോട്ടത്തിന്റെ ബീജരൂപമാണ് ബാബ. നിങ്ങൾ ഇപ്പോൾ ദേവീ-ദേവതകളാകുകയല്ലേ. നമ്മൾ ഏതുതരത്തിലുള്ള പുഷ്പങ്ങളാണെന്ന് ഓരോരുത്തർക്കുമറിയാം. ഉദ്യാനനാഥനും പുഷ്പങ്ങളെ കാണുന്നതിനായി ഇവിടെ തന്നെയാണ് വരുന്നത്. അവരെല്ലാവരും ഉദ്യാനപാലകരാണ്. അവരിലും അനേക പ്രകാരത്തിലുള്ള തോട്ടക്കാരുണ്ട്. ആ ഉദ്യാനത്തിലും ഭിന്ന-ഭിന്ന പ്രകാരത്തിലുള്ള പൂന്തോട്ടക്കാരുണ്ടാകും. ചിലർക്ക് 500 രൂപയായിരിക്കും പ്രതിഫലം, ചിലർക്ക് 1000 രൂപ, ചിലർക്ക് 2000 രൂപ. മുഗൾ ഗാർഡനിലെ പൂന്തോട്ടക്കാരൻ വളരെ സാമർത്ഥനായിരിക്കും. അദ്ദേഹത്തിന്റെ ശമ്പളവും കൂടുതലായിരിക്കും. ഇത് പരിധിയില്ലാത്ത വലിയ പൂന്തോട്ടമാണ്, ഇതിലും അനേക പ്രകാരത്തിലുള്ള സംഖ്യാക്രമത്തിലുള്ള പൂന്തോട്ടക്കാരാണ്. ആരാണോ വളരെ നല്ല പൂന്തോട്ടക്കാർ അവർ പൂന്തോട്ടത്തിനെ വളരെ ഭംഗിയുള്ളതാക്കും, നല്ല പുഷ്പങ്ങൾ വെച്ചുപിടിപ്പിക്കും. ഗവണ്മെന്റ് ഹൗസിന്റെ മുഗൾ ഗാർഡൻ എത്ര മനോഹരമാണ്. ഇത് പരിധിയില്ലാത്ത പൂന്തോട്ടമാണ്. ഒന്നാണ് ഉദ്യാനത്തിന്റെ നാഥൻ. ഇപ്പോൾ മുൾക്കാടിന്റെ ബീജം രാവണനും പൂന്തോട്ടത്തിന്റെ ബീജം ശിവബാബയുമാണ്. സമ്പത്ത് ലഭിക്കുന്നത് ബാബയിൽ നിന്നുമാണ്. രാവണനിൽ നിന്നും സമ്പത്ത് ലഭിക്കുകയില്ല. രാവണനിൽ നിന്നും ലഭിക്കുന്നത് ശാപമാണ്. എപ്പോഴാണോ ശാപിതരാകുന്നത് അപ്പോൾ സുഖം നൽകുന്ന ആളെ എല്ലാവരും ഓർമ്മിക്കുന്നു എന്തുകൊണ്ടെന്നാൽ ബാബ സുഖദാതാവാണ്, സദാ സുഖം നൽകുന്നവൻ. പൂന്തോട്ടക്കാരും ഭിന്ന-ഭിന്ന പ്രകാരത്തിലുള്ളവ രുണ്ട്, ഉദ്യാനനാഥൻ വന്ന് ഉദ്യാനപാലകരെയും നോക്കുന്നു എങ്ങനെയുള്ള ചെറുതും-വലുതുമായ പൂന്തോട്ടമാണ് നിർമ്മിക്കുന്നത്. എന്തൊക്കെ പുഷ്പങ്ങളുണ്ട്, അതിനെക്കുറിച്ചും ചിന്തിക്കുന്നു. ഇടക്കിടക്ക്-ഇടക്കിടക്ക് വളരെ നല്ല-നല്ല പൂന്തോട്ടക്കാരും വരുന്നു, അവരുടെ പൂക്കൾ വളരെ നല്ലവണ്ണം ഒരുക്കുന്നു. അപ്പോൾ പൂന്തോട്ടത്തിന്റെ ഉടമസ്ഥനും സന്തോഷമുണ്ടാകുന്നു- കൊള്ളാമല്ലോ! ഈ പൂന്തോട്ടാക്കാരൻ വളരെ നല്ലതാണ്, നല്ല-നല്ല പുഷ്പങ്ങളെ കൊണ്ടു വന്നിട്ടുണ്ട്. ഇത് പരിധിയില്ലാത്ത ബാബയാണ് ആ ബാബയുടെ കാര്യവും പരിധിയില്ലാത്തതാണ്. നിങ്ങൾ കുട്ടികൾക്ക് മനസ്സ് കൊണ്ട് അറിയാം ബാബ പറയുന്നത് പൂർണ്ണമായും സത്യമാണ്. അര കൽപം രാവണ രാജ്യം നടക്കുന്നു. പുഷ്പങ്ങളുടെ പൂന്തോട്ടത്തിനെ മുള്ളുകളുടെ കാടാക്കിയത് രാവണനാണ്. കാട്ടിൽ മുള്ളുകൾ തന്നെ മുള്ളായിരിക്കും. വളരെ ദുഃഖമായിരിക്കും. പൂന്തോട്ടത്തിന്റെയിടയിൽ മുള്ളുണ്ടാകുമോ, ഒന്നു പോലും ഉണ്ടാകില്ല. കുട്ടികൾക്കറിയാം. രാവണൻ ദേഹ-അഭിമാനത്തിൽ കൊണ്ടു വരുന്നു. ഏറ്റവും വലിയ മുള്ള് എന്ന് പറയുന്നത് ദേഹ-അഭിമാനമാണ്.

ബാബാ രാത്രയിലും മനസ്സിലാക്കി തരുന്നു ചിലരുടെ ദൃഷ്ടി മോശമായിട്ടുള്ളതാണ്, ചിലരുടേത് കുറച്ച് മോശമായിട്ടുള്ളതാണ്. ചില പുതിയവരും വരുന്നുണ്ട് ആദ്യമൊക്കെ വളരെ നന്നായി നടക്കുന്നു, വികാരത്തിൽ ഒരിക്കലും പോകില്ല എന്ന് വിചാരിക്കും, പവിത്രമായിരിക്കും. ആ സമയം ശ്മശാന വൈരാഗ്യം വരുന്നു. പിന്നീട് വീട്ടിൽ എത്തുമ്പോൾ മോശമാകുന്നു. ദൃഷ്ടി മോശമാകുന്നു. ഇവിടെ

ചിലരെ നല്ല-നല്ല പുഷ്പമാണെന്ന് കരുതി ഉദ്യാനനാഥന്റെയടുത്ത് കൊണ്ടു വരുന്നു, ബാബാ ഇത് വളരെ നല്ല പുഷ്പമാണ്, ചില-ചില പൂന്തോട്ടക്കാർ വന്ന് കാതിൽ പറയുന്നു ഇത് ഇന്ന പുഷ്പമാണ്. പൂന്തോട്ടക്കാരൻ തീർച്ചയായും പറയുമല്ലോ. അല്ലാതെ ബാബ അന്തർയാമിയൊന്നുമല്ല, പൂന്തോട്ടക്കാരൻ ഓരോരുത്തരുടേയും സ്വഭാവ-പെരുമാറ്റത്തെക്കുറിച്ച് പറയുന്നു ബാബ ഇവരുടെ ദൃഷ്ടി നല്ലതല്ല, ഇവരുടെ പെരുമാറ്റം റോയലല്ല, ഇവർ 10-20 ശതമാനം മാറിയിട്ടുണ്ട്. മുഖ്യമായത് കണ്ണാണ്, അത് വളരെ ചതിക്കുന്നു. ഉദ്യാനപാലകൻ വന്ന് ഉദ്യാനനാഥനെ എല്ലാം കേൾപ്പിക്കുന്നു. ബാബ ഓരോരുത്തരോടും ചോദിക്കുകയാണ് പറയൂ കുട്ടി എങ്ങനെയുള്ള പുഷ്പമാണ് കൊണ്ടു വന്നത്? ചിലർ റോസാപുഷ്പമായിരിക്കും, ചിലർ മുല്ലപ്പൂവായിരിക്കും, ചിലർ എരിക്കിൻ പൂവും കൊണ്ടു വരുന്നുണ്ട്. ഇവിടെ വളരെ ജാഗ്രതയോടെ ഇരിക്കുന്നു. കാട്ടിൽ പോകുമ്പോൾ വീണ്ടും വാടിപ്പോകുന്നു. ഇത് എപ്രകാരമുള്ള പുഷ്പമാണെന്ന് ബാബ നോക്കുകയാണ്. മായ ഇങ്ങനെയാണ് അത് ഉദ്യാനപാലകനെ പോലും വളരെ ശക്തമായി പ്രഹരിക്കുന്നു, അതിലൂടെ ഉദ്യാനപാലകൻ പോലും മുള്ളാകുന്നു. ഉദ്യാനനാഥൻ വരുമ്പോൾ ആദ്യമാദ്യം പൂന്തോട്ടത്തിനെ നോക്കുന്നു, പിന്നീട് ബാബ അവരെ അലങ്കരിക്കുന്നു. കുട്ടികളേ, ജാഗ്രതയോടെ കഴിയൂ, കുറവുകളെ ഇല്ലാതാക്കൂ, ഇല്ലെങ്കിൽ പിന്നീട് ഒരുപാട് പശ്ചാത്തപിക്കും. ബാബ വന്നിരിക്കുന്നത് ലക്ഷ്മീ-നാരായണനാക്കുന്നതിന് വേണ്ടിയാണ്, അതിന് പകരം നമ്മൾ ജോലിക്കാരായാൽ! നമ്മൾ അത്രയും ഉയർന്നവരും യോഗ്യതയുള്ളവരുമായോ എന്ന് പരിശോധിച്ചു നോക്കണം. മുള്ളുകളാകുന്ന കാടിന്റെ ബീജം രാവണനാണെന്ന് അറിയാം, പൂക്കളുടെ തോട്ടത്തിന്റെ ബീജം രാമനാണ്. ഈ കാര്യങ്ങളെല്ലാം ബാബ വന്ന് മനസ്സിലാക്കി തരികയാണ്. ബാബ സ്കൂളിലെ പഠനത്തിന്റെ മഹിമ പാടുകയാണ്, ആ പഠിപ്പ് അൽപമെങ്കിലും നല്ലതാണ്, എന്തെന്നാൽ അത് വരുമാനത്തിനുള്ള മാർഗ്ഗമാണ്. ലക്ഷ്യവുമുണ്ട്. ഇതും പാഠശാലയാണ്, ഇവിടെയും ലക്ഷ്യമുണ്ട്. പിന്നീട് മറ്റൊരിടത്തും ഈ ലക്ഷ്യം ഉണ്ടാകില്ല. നരനിൽ നിന്നും നാരായണനാകാനുള്ള ലക്ഷ്യം മാത്രമേ നിങ്ങൾക്കുള്ളൂ. ഭക്തിമാർഗ്ഗത്തിൽ സത്യ നാരായണന്റെ കഥ ധാരാളം കേൾക്കുന്നു, ഓരോ മാസവും ബ്രാഹ്മണനെ വിളിക്കുന്നു, ബ്രാഹ്മണൻ ഗീത കേൾപ്പിക്കുന്നു. ഇന്നത്തെക്കാലത്ത് ഗീത എല്ലാവരും കേൾപ്പിക്കുന്നുണ്ട്, സത്യം-സത്യമായ ബ്രാഹ്മണർ ആരുമില്ല. നിങ്ങൾ സത്യം-സത്യമായ ബ്രാഹ്മണരാണ്. സത്യമായ ബാബയുടെ കുട്ടികളാണ്. നിങ്ങൾ സത്യം-സത്യമായ കഥ കേൾപ്പിക്കുന്നു. സത്യ നാരായണന്റെ കഥയുമുണ്ട്, അമരകഥയുമുണ്ട്, തീജരിയുടെ (മുക്കണ്ണിന്റെ) കഥയുമുണ്ട്. ഭഗവാനുവാച-ഞാൻ നിങ്ങളെ രാജാക്കന്മാരുടെയും രാജാവാക്കും, ഞാൻ സ്വയമാകില്ല? ഇങ്ങനെ എപ്പോഴെങ്കിലും കേട്ടിട്ടുണ്ടോ? ഇത് ഒരേ ഒരു ബാബയാണ് കുട്ടികളുടെ അടുത്ത് വന്നിട്ട് മനസ്സിലാക്കി തരുന്നത്. കുട്ടികൾക്കറിയാം ഇവിടെ ഉദ്യാനനാഥന്റെ അടുത്ത് വന്നിരിക്കുന്നത് റിഫ്രെഷാകുന്നതിനാണ്. ഉദ്യാനപാലകരുമാകുന്നു, പൂക്കളുമാകുന്നു. ഉദ്യാനപാലകരായി തീർച്ചയായും മാറണം. വിവിധ തരത്തിലുള്ള ഉദ്യാനപാലകരുണ്ട്. സേവനം ചെയ്തില്ലെങ്കിൽ എങ്ങനെ നല്ല പുഷ്പമായി മാറും? ഞാൻ ഏതു തരത്തിലുള്ള പുഷ്പമാണ്? ഏത് തരത്തിലുള്ള പൂന്തോട്ടക്കാരനാണ്? ഓരോരുത്തരും തന്റെ ഹൃദയത്തോട് ചോദിക്കണം. കുട്ടികൾക്ക് വിചാര സാഗര മഥനം ചെയ്യണം. ബ്രാഹ്മണിമാർക്കറിയാം- ഉദ്യാനപാലകരും പലപ്രകാരത്തിലുണ്ടല്ലോ. ചില നല്ല-നല്ല പൂന്തോട്ടക്കാരും വരാറുണ്ട്, അവർക്ക് വലിയ പൂന്തോട്ടം ഉണ്ടായിരിക്കും. ഏതുപോലെ ഉദ്യാനപാലകൻ നല്ലതാണോ അപ്പോൾ പൂന്തോട്ടവും നല്ലതായിരിക്കും. നല്ല-നല്ല പൂക്കളെ കൊണ്ടു വരുന്നത്, കാണുമ്പോൾ മനസ്സിന് സന്തോഷം വരുന്നു. ചിലരാണെങ്കിൽ കുറഞ്ഞ പൂക്കളെയും കൊണ്ടു വരുന്നു. ഇവർ എന്തൊല്ലാം പദവി നേടുമെന്ന് ഉദ്യാനനാഥനും മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ സമയമുണ്ട്. ഓരോരോ മുള്ളിനേയും പുഷ്പങ്ങളാക്കുവാൻ പരിശ്രമിക്കേണ്ടതായുണ്ട്. ചിലർ പൂക്കളാവാൻ ആഗ്രഹിക്കുന്നതേയില്ല, മുള്ളുകളായിരിക്കുവാൻ തന്നെയാണ് അവർക്ക് ഇഷ്ടം. കണ്ണുകളുടെ ഭാവന വളരെ മോശമായിരിക്കുന്നു. ഇവിടെ വരുന്നുണ്ട് എന്നാൽ പോലും അവരിൽ നിന്നും സുഗന്ധമുണ്ടാകുന്നില്ല. എന്റെ മുന്നിൽ പുഷ്പങ്ങളാണിരിക്കുന്നതെങ്കിൽ നല്ലതാണ് എന്ന് ഉദ്യാനനാഥനും ആഗ്രഹിക്കുന്നുണ്ട്, അവരെ കാണുമ്പോൾ സന്തോഷം തോന്നുന്നു. ഇവരുടെ വൃത്തി അങ്ങനെയുള്ളതാണ് എന്ന് കണ്ട് കഴിഞ്ഞാൽ പിന്നെ അവരിലേക്ക് ദൃഷ്ടിയേ പോകില്ല അതുകൊണ്ട് ഓരോരുത്തരേയും നോക്കുന്നു, എന്റെ ഈ പുഷ്പം ഏത് പ്രകാരത്തിലുള്ളതാണ്? എത്രമാത്രം സുഗന്ധം നൽകുന്നുണ്ട്? മുള്ളിൽ നിന്നും പുഷ്പമായോ അതോ ഇല്ലയോ? നമ്മൾ എത്രമാത്രം പുഷ്പമായി മാറിയിട്ടുണ്ടെന്നും എത്രമാത്രം പുരുഷാർത്ഥം ചെയ്യുന്നുണ്ടെന്നും ഓരോരുത്തർക്കും സ്വയം മനസ്സിലാക്കാവാൻ സാധിക്കും. ബാബാ ഞങ്ങൾ അങ്ങയെ മറന്നുപോകുന്നു, യോഗത്തിലിരിക്കുവാൻ സാധിക്കുന്നില്ല എന്ന് ഇടക്കിടക്ക് പറയുന്നു. ഓർമ്മിച്ചില്ലെങ്കിൽ എങ്ങനെ പുഷ്പമാകും? ഓർമ്മിക്കുകയാണെങ്കിൽ പാപങ്ങൾ ഇല്ലാതായി പുഷ്പങ്ങളാകാം ഒപ്പം മറ്റുള്ളവരേയും പുഷ്പമാക്കാം, അപ്പോൾ ഉദ്യാനപാലകനെന്ന പേര് ലഭിക്കും. ബാബ ഉദ്യാനപാലകരെ അന്വേഷിച്ച് കൊണ്ടിരിക്കുകയാണ്. ഉദ്യാനപാലകരായി ആരെങ്കിലുമുണ്ടോ? എന്തുകൊണ്ട് പൂന്തോട്ടക്കാരനായിമാറിക്കൂടാ? ബന്ധനങ്ങൾ ഉപേക്ഷിക്കണം. ഉള്ളിൽ ലഹരി വരണം.

സേവനം ചെയ്യുവാനുള്ള ഉത്സാഹം വേണം. തന്റെ ചിറകുകളെ സ്വതന്ത്രമാക്കുവാൻ പരിശ്രമിക്കേണ്ടതായുണ്ട്. എന്തിനോടാണോ സ്നേഹമുള്ളത് അതിനെ ഉപേക്ഷിക്കുവാൻ തോന്നുമോ? ബാബയുടെ സേവനത്തിന് വേണ്ടി പുഷ്പങ്ങളായി മറ്റുള്ളവരേയും പുഷ്പങ്ങളാക്കുന്നില്ല എങ്കിൽ എങ്ങനെ ഉയർന്ന പദവി നേടും? 21 ജന്മങ്ങളിലേക്കാണ് ഉയർന്ന പദവി. മഹാരാജാക്കന്മാരും, രാജാക്കന്മാരും വലിയ-വലിയ ധനവാന്മാരുമൊക്കെയുണ്ട്. ക്രമമനുസരിച്ച് അത്രയും സമ്പന്നർ അല്ലാത്തവരും പ്രജകളുമൊക്കെയുണ്ട്. നമ്മൾ എന്താകും? ഇപ്പോൾ ആര് പുരുഷാർത്ഥം ചെയ്യുന്നുവോ അവർ കൽപ-കൽപാന്തരം ആയിത്തീരും. ഇപ്പോൾ വളരെ തീവ്രമായി പുരുഷാർത്ഥം ചെയ്യേണ്ടതുണ്ട്. നരനിൽ നിന്നും നാരായണനാകണം, നല്ല രീതിയിൽ പുരുഷാർത്ഥം ചെയ്യുന്നവർ പ്രാവർത്തികമാക്കും. ദിവസവുമുള്ള വരുമാനവും നഷ്ടവും നോക്കണം. 12 മാസത്തെ കാര്യമല്ല, ദിവസവും തന്റെ നഷ്ടവും ലാഭവും നോക്കണം. നഷ്ടമുണ്ടാക്കരുത്. അങ്ങനെയായാൽ മൂന്നാം തരത്തിലുള്ളവരായി മാറും. സ്കൂളിലും നമ്പർവാർ ഉണ്ടല്ലോ അല്ലേ.

നമ്മുടെ ബീജം വൃക്ഷപതിയാണ് എന്ന് മധുര മധുരമായ കുട്ടികൾക്കറിയാം, ആ വൃക്ഷ്പതി വരുന്നതിലൂടെ നമ്മളിൽ ബൃഹസ്പതിയുടെ ദശ ഉണ്ടാകുന്നു. രാവണന്റെ രാജ്യത്തിൽ രാഹുവിന്റെ ദശയാണ്. അത് വളരെ ഉയർന്നതും ഇത് വളരെ താഴ്ന്നതുമാണ്. ശിവാലയത്തിൽ നിന്നും വേശ്യാലയമായി മാറുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് രാഹുവിന്റെ ദശയാണ്. ആദ്യം പുതിയ വൃക്ഷമായിരിക്കും. പതുക്കെ പഴയതാകാൻ തുടങ്ങുന്നു. ഉദ്യാന നാഥനുമുണ്ട്, ഉദ്യാന പാലകരുടെ വൃദ്ധിയും ഉണ്ടായികൊണ്ടിരിക്കുന്നു. ഉദ്യാന നാഥന്റെ അടുത്ത് കൊണ്ട് പോകുന്നു. ഓരോ ഉദ്യാനപാലകരും പുഷ്പങ്ങൾ കൊണ്ട് വരുന്നു. ബാബയുടെ അടുക്കൽ പോകണം എന്ന് വളരെയധികം ആഗ്രഹിക്കുന്ന നല്ല പൂക്കളെ ചിലർ കൊണ്ട് വരുന്നു. എന്തെല്ലാം യുക്തികൾ പറഞ്ഞാണ് കുട്ടികൾ വരുന്നത്. വളരെ നല്ല പുഷ്പങ്ങളെ കൊണ്ട് വരൂ എന്ന് ബാബയും പറയും. ചില പൂന്തോട്ടക്കാർ സെക്കന്റ് ക്ലാസ്സായിരിക്കും, പൂന്തോട്ടക്കാരെക്കാളും പുഷ്പം വളരെ നല്ലതായിരിക്കും - നമ്മൾ ഇത്രയും ഉയർന്ന വിശ്വത്തിന്റെ അധികാരിയാകുന്ന ശിവബാബയുടെ അടുക്കൽ പോകുവാൻ വളരെയധികം ആഗ്രഹിക്കുന്നു. വീട്ടിൽ വളരെയധികം അടികൊള്ളേണ്ടി വന്നാലും ശിവബാബാ ഞങ്ങളെ രക്ഷിക്കൂ എന്ന് വിളിക്കുന്നു. അവരെ തന്നെയാണ് സത്യമായ ദ്രൗപദി എന്ന് പറയുന്നത്. എന്താണോ കഴിഞ്ഞ് പോയത് അത് വീണ്ടും ആവർത്തിക്കണം. ഇന്നലെ നിങ്ങൾ വിളിച്ചിരുന്നു, ഇന്ന് രക്ഷപ്പെടുവാനുള്ള യുക്തികൾ പറഞ്ഞ് തരാൻ ബാബ വന്നിരിക്കുന്നു. നിങ്ങൾ ഭ്രമരി വണ്ടാണ്, അവർ പ്രാണികളും. അവരിൽ ഭൂം-ഭൂം ചെയ്ത് കൊണ്ടിരിക്കൂ. ഭഗവാൻ പറയുന്നത് കാമം മഹാശത്രുവാണ് അതിനെ ജയിക്കുന്നവർ വിശ്വത്തിന്റെ അധികാരികളാകും എന്ന് പറഞ്ഞ് കൊടുക്കണം. ചില സമയത്ത് അബലകളുടെ വാക്ക് ഏൽക്കുമ്പോൾ തണുക്കുന്നു. അപ്പോൾ പറയുന്നു - ശരി പൊയ്ക്കൊള്ളൂ. ഇങ്ങനെയാക്കി മാറ്റുന്ന ആളുടെ അടുത്തേക്ക് പൊയ്ക്കൊള്ളൂ. എന്റെ ഭാഗ്യത്തിൽ ഇല്ല നിങ്ങൾ പൊയ്ക്കൊളു. ഇങ്ങനെ ദ്രൗപദിമാർ വിളിക്കുന്നുണ്ട്. ഭൂം-ഭൂം ചെയ്യൂ എന്ന് ബാബ എഴുതുന്നു. ചില പത്നിമാരും ഇങ്ങനെയുള്ളവരുണ്ട് അവരെയാണ് ശൂർപ്പണകയെന്നും പൂതനയെന്നും വിളിക്കുന്നത്. പതിമാർ അവരെ ഭൂം-ഭൂം ചെയ്യുന്നു, അവർ കീടങ്ങളാകുന്നു, വികാരം ഇല്ലാതെ അവർക്ക് ജീവിക്കാൻ സാധിക്കില്ല. ഉദ്യാനനാഥന്റെ അടുക്കൽ ഏതെല്ലാം തരത്തിലുള്ളവരാണ് വരുന്നത്, കാര്യം തന്നെ പറയേണ്ട. ചില കന്യകമാരും മുള്ളുകളായി മാറുന്നു. അതുകൊണ്ടാണ് ബാബ പറയുന്നത്, തന്റെ ജീവിത കഥ പറയൂ. ബാബയോട് പറയാതെ ഒളിപ്പിച്ച് വയ്ക്കുകയാണെങ്കിൽ അത് വൃദ്ധി പ്രാപിച്ച് കൊണ്ടിരിക്കും. അസത്യത്തിന് മുന്നോട്ട് പോകാൻ സാധിക്കില്ല. നിങ്ങളുടെ വൃത്തി മോശമായിക്കൊണ്ടിരിക്കും. ബാബയെ കേൾപ്പിക്കുന്നതിലൂടെ നിങ്ങൾ രക്ഷപ്പെടും. സത്യം പറയണം അല്ലെങ്കിൽ മഹാരോഗിയായി മാറും. ബാബ പറയുന്നു വികാരികളാക്കുന്നവരുടെ മുഖം കറുത്ത് പോകുന്നു. മുഖം കറുക്കുക അർത്ഥം പതീതമാകുക. കൃഷ്ണനെയും ശ്യാമസുന്ദരൻ എന്ന് വിളിക്കുന്നു. കൃഷ്ണനെയും കറുത്തതായി കാണിച്ചിരിക്കുന്നു. രാമനേയും നാരായണനേയും കറുത്തതായി കാണിക്കുന്നു. അർത്ഥം ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. നിങ്ങളുടെ അടുക്കൽ നാരായണന്റെ സുന്ദരമായ വെളുത്ത ചിത്രമുണ്ട്, ഇതാണ് നിങ്ങളുടെ ലക്ഷ്യം. കറുത്ത നാരായണനായല്ല നിങ്ങൾക്ക് മാറേണ്ടത്. ഈ ക്ഷേത്രങ്ങളിൽ ഉണ്ടാക്കിയിരിക്കുന്നത് പോലെ അല്ല. വികാരത്തിൽ വീഴുന്നതിലൂടെ മുഖം കറുത്ത് പോകുന്നു. ആത്മാവ് കറുത്ത് പോയി. അയൺ ഏജിൽ നിന്നും ഗോൾഡൻ ഏജിലേക്ക് പോകണം. സ്വർണ്ണ പക്ഷിയാകണം. കൽക്കത്തയിലെ കാളി എന്നൊക്കെ പറയുന്നുണ്ട്, എത്ര ഭയങ്കരമായ മുഖമാണ് കാണിച്ചിരിരിക്കുന്നത്. കാര്യമേ പറയേണ്ട. ബാബ പറയുന്നു- കുട്ടികളേ, ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിരിക്കുകയാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. തന്റെ ചിറകുകളെ സ്വതന്ത്രമാക്കുവാൻ വേണ്ടി പരിശ്രമിക്കണം, ബന്ധനങ്ങളിൽ നിന്നും മുക്തമായി സമർത്ഥനായ തോട്ടക്കാരനാകണം. മുള്ളുകളെ പുഷ്പമാക്കുവാനുള്ള സേവനം ചെയ്യണം.

2. ഞാൻ എത്രമാത്രം സുഗന്ധമുള്ള പുഷ്പമായി മാറി എന്നത് സ്വയം തന്നെ നോക്കണം. എന്റെ വൃത്തി ശുദ്ധമാണോ? കണ്ണുകൾ ചതിക്കുന്നില്ലല്ലോ? തന്റെ സ്വഭാവത്തിന്റെയും പെരുമാറ്റത്തിന്റെയും കണക്കുകൾ നോക്കി കുറവുകൾ ഇല്ലാതാക്കണം.

## വരദാനം:- സ്വരാജ്യ അധികാരിയുടെ ലഹരിയോടെയും നിശ്ചയത്തോടെയും സദാ ശക്തിശാലിയായി മാറുന്ന സഹജയോഗിയും നിരന്തരയോഗിയുമായി ഭവിക്കട്ടെ.

സ്വരാജ്യ അധികാരി അർത്ഥം ഓരോ കർമ്മേന്ദ്രിയത്തിനുമേലും തന്റെ രാജ്യാധികാരം. ഒരിക്കലും സങ്കൽപ്പത്തിൽ പോലും കർമ്മേന്ദ്രിയങ്ങൾ ചതിക്കരുത്. ചിലപ്പോൾ അല്പമെങ്കിലും ദേഹാഭിമാനം വന്നാൽ ആവേശം അല്ലെങ്കിൽ കോപം സഹജമായി വരുന്നു, എന്നാൽ ആര് സ്വരാജ്യ അധികാരിയാണോ അവർ സദാ നിരഹങ്കാരിയായി സദാ വിനയത്തോടെ സേവനം ചെയ്യുന്നു. അതിനാൽ ഞാൻ സ്വരാജ്യ അധികാരി ആത്മാവാണ്- ഈ ലഹരിയോടെയും നിശ്ചയത്തോടെയും ശക്തിശാലിയായി മായാജീത്തും ജഗത്ജീത്തുമാകൂ എങ്കിൽ സഹജയോഗിയും നിരന്തരയോഗിയുമായി മാറും.

## സ്ലോഗൻ:-ലൈറ്റ് ഹൗസായി മാറി മനോ-ബുദ്ധിയിലൂടെ പ്രകാശം പരത്തുന്നതിൽ ബിസിയായിരിക്കൂ എങ്കിൽ ഏതൊരു കാര്യത്തിലും ഭയം തോന്നുകയില്ല.